(ജി) ടെക്നിക്കൽ ഇവാല്യൂവേഷൻ മാനദണ്ഡം അനുസരിച്ച് കൺസോർഷ്യത്തെ ഒരു എന്റിറ്റി (Entity) ആയി പരിഗണിച്ചാണ് റാങ്കിംഗ് തീരുമാനിക്കുന്നത്. ഓരോ പാർട്ട്ണർമാർക്കും പ്രത്യേകം മിനിമം യോഗ്യതകൾ എല്ലാ മേഖലയിലും നിഷ്കർഷിച്ചിട്ടില്ല. ജനറൽ എക്സ്പീരിയൻസ് വിലയിരുത്തുമ്പോൾ മാത്രം ഓരോ പാർട്ണർമാരുടേയും വിവരങ്ങൾ പ്രത്യേകം പരിഗണിക്കും. ജനറൽ എക്സ്പീരിയൻസ് മാനദണ്ഡം അനുസരിച്ച് സി.ഇ.സി.-ക്ക് യോഗ്യതകൾ കുറവാണ്. പക്ഷേ, കൺസോർഷ്യത്തിന് മൊത്തത്തിലും മറ്റു കൺസോർഷ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോഴും ഏറ്റവും കൂടുതൽ യോഗ്യതയുണ്ട്.

(എച്ച്) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻമാരുടെ ഒരു സ്ഥാപനം കൺസൾട്ടന്റായി വന്നിട്ടില്ല. ജെ.ബി.ഐ.സി. പദ്ധതിയുടെ നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത് റ്റി.ഇ.സി. കൺസോർഷ്യത്തിനേയാണ്. ആ കൺസോർഷ്യത്തിൽ ഉള്ള ഒരു പങ്കാളിയായ സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ഏതാനും പേരെ ടെക്നിക്കൽ സ്റ്റാഫായി ജോലിക്ക് നിയോഗിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ധാരാളം ആളുകളെ ടെണ്ടറിൽ പങ്കെടുത്ത കൺസൾട്ടൻസി സ്ഥാപനങ്ങൾ ടെക്നിക്കൽ സ്റ്റാഫായി നിയോഗിച്ചിട്ടുണ്ട്. ഇതിൽ ക്രമവിരുദ്ധമായോ മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനമായോ ഒന്നുമില്ല.

(ഐ) 2003-ൽ ആരംഭിച്ച 2006-07-ൽ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ടർ റിഫോംസ് കൂടിവെള്ള പദ്ധതി

74 (2352) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, കൊല്ലം ജില്ലകളിൽ നടപ്പിലാക്കുന്ന "സെക്ടർ റിഫോംസ്" കൂടിവെള്ള പദ്ധതി നടത്തിപ്പിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര തുകയാണ് ഇതുവരെ അനുവദിച്ചുകിട്ടിയത് ; ഇതിൽ എത്ര തുക ചെലവഴിച്ചു ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ഒന്നാംഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള 5 ഗ്രാമപഞ്ചായത്തുകളിലെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഈ പഞ്ചായത്തുകളിൽ 25 സ്രോതസ്സുകളുടെ പണി പൂർത്തിയായി. 8 സ്ഥലങ്ങളിൽ പമ്പ് ഹൗസിന്റെയും ടാങ്കിന്റെയും പണി

LIBRARY ARCHIVES Kerala Legislative Assembly

നടന്നു കൊണ്ടിരിക്കുന്നു. സ്രോതസ്സിന്റെ പണി പൂർത്തിയായ സ്ഥലങ്ങളിൽ എല്ലാം തന്നെ പൈപ്പ് വാങ്ങുന്നതിനുള്ള ടെൻഡർ വിളിച്ചുകഴിഞ്ഞു. രണ്ടാംഘട്ടത്തിൽ ഏറ്റെടുത്ത 21 പഞ്ചായത്തുകളിൽ 150 ഗുണഭോക്തൃസംഘങ്ങൾ രജിസ്റ്റർ ചെയ്തു. ഭൂജല വകുപ്പ് സ്രോതസ്സുകളുടെ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ മാസം സ്രോതസ്സുകളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിൽ രണ്ട് ഘട്ടങ്ങളിലായി 300 ഗ്രാമീണ ശുദ്ധജല പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ 200 പദ്ധതികളുടെ സ്രോതസ്സ് നിർമ്മാണം പൂർത്തിയായി. പമ്പ് ഹൗസും വിതരണ ശൃംഖലയും ജലസംഭരണിയും ഉൾപ്പെടെ 30 പദ്ധതികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിൽ 8 പദ്ധതികൾ കമ്മീഷൻ ചെയ്തു കഴിഞ്ഞു. 20 പദ്ധതികൾ കമ്മീഷൻ ചെയ്യേണ്ട ഘട്ടത്തിലാണ്.

(ബി) പദ്ധതി നടപ്പിലാക്കുന്നതിനായി 11.22 കോടി രൂപവീതം ആദ്യ ഗഡുവായി കേന്ദ്ര ഗവൺമെന്റ് കൊല്ലം, കാസർഗോഡ് എന്നീ ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട്. ഇതിൽ കൊല്ലം ജില്ലാ പഞ്ചായത്ത് 2,35,56,476 രൂപയും കാസർഗോഡ് ജില്ലാ പഞ്ചായത്ത് 710 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബ്രിട്ടീഷ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

75 (2353) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ഡബ്ല്യു.എ.-യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വിദേശ ഏജൻസികളുടെ സഹായമുള്ള എത്ര ശുദ്ധജലവിതരണ പദ്ധതികളുടെ പണികൾ നടന്നുവരുന്നുണ്ട് ;

(ബി) തുടങ്ങിക്കഴിഞ്ഞ പദ്ധതി ജോലികളിൽ ഏതിനെങ്കിലും കഴിഞ്ഞ ബഡ്ജറ്റിൽ തുക വക കൊള്ളിക്കാത്തതുകൊണ്ട് നിർമ്മാണ ജോലികൾ ഇടയ്ക്ക് നിന്നുപോകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ബ്രിട്ടീഷ് സഹായത്തോടെ എത്ര പദ്ധതികൾ നടന്നുവരുന്നുവെന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ഡി) ബ്രിട്ടീഷ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്ന് പൂർത്തിയാകുമെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly